**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 290** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തെരുവ് നായ ആക്രമണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് തെരുവുനായ ആക്രമണത്തിൽ കൊല്ലപ്പെട്ടവർക്കും പരുക്കേറ്റവർക്കും നഷ്ടപരിഹാരം കൃത്യമായി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക നൽകുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ;

**<u>മറുപടി:</u>** തെരുവുനായ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരത്തിനായി അപേക്ഷിക്കേണ്ടത് ബഹു. ജസ്റ്റിസ് (റിട്ട) സിരി ജഗൻ കമ്മിറ്റി മുമ്പാകെയായിരുന്നു . ജസ്റ്റിസ് (റിട്ട) എസ്സ് സിരിജഗൻ കമ്മറ്റി നിശ്ചയിക്കുന്ന നഷ്ടപരിഹാര തുക ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ ആണ് നൽകി വന്നിരുന്നത്.2023 മുതൽ 1522 കേസുകളാണ് തെരുവുനായ ആക്രമണവുമായി ബന്ധപ്പെട്ട് സിരിജഗൻ കമ്മറ്റി മുൻപാകെ ഫയൽ ചെയ്തിട്ടുള്ളത്. ഇതിൽ ബോധ്യപ്പെട്ട 269 കേസുകൾക്ക് കോമ്പൻസേഷൻ തുകയായി 1,26,56,349/- രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുണ്ട്. നിലവിൽ സിരിജഗൻ കമ്മിറ്റിയുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതാണ് ബഹു. ഹൈക്കോടതിയുടെ WP(C ) 45100/2024 ലെ 18.12.2024 നിർദേശം പ്രകാരം 08.08.2025 ലെ സ ഉ ( കൈ) നം. 135/2025/തസ്വഭവ പ്രകാരം സംസ്ഥാനത്ത് തെരുവുനായ ആക്രമണം മൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി ചെയർപേഴ്സൺ ആയി ജില്ലാതലത്തിൽ Stray Dog Victim Compensation Recommendation Committee (SDVCRC) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ Stray dog Victim Compensation Recommendation Committee (SDVCRC) എല്ലാ ജില്ലകളിലും 2026 ജനവരി മുതൽ DLSA യുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്നതും, പ്രസ്തുത തുക നൽകുന്നതിനാവശ്യമായ കോമ്പൻസേഷൻ ആയി 5,93,837/- രൂപ നൽകിയിട്ടുള്ളതുമാണ്. കേസുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനായി 14 ജില്ലകളിലും SDVCRC നടപടി സ്വീകരിച്ച് വരുന്നു.

**(ബി)** തെരുവുനായ ശല്യത്തിൽനിന്നുള്ള സംരക്ഷണത്തിന് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; മനുഷ്യ ജീവന് ഭീഷണിയായ തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** തെരുവുനായ വിഷയത്തിൽ ഇൻഷുറൻസ് പരിരക്ഷ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. സംസ്ഥാനത്ത് നിലവിൽ 20 എ.ബി.സി. സെന്ററുകളും, ഒരു പോർട്ടബിൾ എ.ബി.സി. സെന്ററും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 9 പുതിയ എ.ബി.സി. സെന്ററുകളുടെ കൺസ്ട്രക്ഷൻ വർക്ക് പൂർത്തീകരിച്ചിട്ടുള്ളതും, 10 പുതിയ എ.ബി.സി. സെന്ററുകളുടെ കൺസ്ട്രക്ഷൻ

ആരംഭിച്ചിട്ടുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 21 എ.ബി.സി. സെന്ററുകൾ മുഖേനയും പുതിയ പോർട്ടബിൾ എ.ബി.സി. സെന്ററുകൾ സ്ഥാപിക്കുന്ന മുറയ്ക്കും, പണി പൂർത്തിയായ 9 എ.ബി.സി. സെന്ററുകൾ ആരംഭിക്കുന്ന മുറയ്ക്കും തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിയ്ക്കാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**